# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3436 — 09.04.2013 —ൽ - മറുപടിക്ക്

# റേഷൻ കാർഡ് വിതരണത്തിൽ നടന്ന ക്രമക്കേട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ജമീലാ പ്രകാശം : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | കാഞ്ഞങ്ങാട് താലൂക്കിൽ 2009 ലെ റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നതായി സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗം സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) ഉണ്ട്. റിപ്പോർട്ട് അനുബന്ധം 'A' - യായി വയ്ക്കുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ടിനെ തുടർന്ന് വിശദമായ അന്വേഷണത്തിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; | (ബി) & (സി) ഉണ്ട്. വിശദമായ അന്വേഷണത്തിന് ഉത്തരമേഖലാ ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളറെ ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് അനുബന്ധം 'B'-യായി വയ്ക്കുന്നു. |
| (സി) | ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | |
| (ഡി) | കാർഡ് വിതരണത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയ രണ്ടായിരത്തിൽ പരം റേഷൻ കാർഡുകൾ യഥാർത്ഥ കാർഡുടമകൾക്ക് ലഭിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ചിട്ടുണ്ടോ ; | (ഡി) പരിശോധിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | ഇല്ലെങ്കിൽ ക്രമക്കേടിന് കൂട്ടുനിന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (ഇ) & (എഫ്) ബാധകമല്ല |
| (എഫ്) | ഇത്തരം ക്രമക്കേടുകൾക്ക് ചില ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നത് കാരണമാണ് റേഷൻ ജനസംഖ്യ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയെക്കാൾ കൂടി നിൽക്കുന്നു എന്ന വസ്തുതശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | |
| (ജി) | എങ്കിൽ ഇത്തരം ക്രമക്കേടുകൾ ഒഴിവാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ജി) റേഷൻകാർഡ് അച്ചടിച്ചു നൽകുന്ന വകയിൽ കിട്ടുന്ന തുക ട്രഷറിയിൽ നിക്ഷേപിക്കുന്നതിനായി ജില്ലാ സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തി സർക്കാരിന്റെ സ.ഉ.(സാധ)270/12/ഭ.സി. സ.വ. തീയതി, 26.10.12 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ, തെറ്റായ റേഷൻ-കാർഡുകളും, ഡ്യൂപ്ലിക്കേറ്റ് റേഷൻ-കാർഡുകളും മാറ്റി പുതിയ റേഷൻ-കാർഡുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും പ്രസ്തുത ഉത്തരവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ദാരിദ്ര്യവാരം - A

1406

To A Section

**Special report submitted to the Director of Civil Supplies on the unauthorised distribution of ration cards in Kanhangad Taluk**

On verification of the office records in connection with the 23rd Round General Inspection at the Taluk Supply Office, Kanhangad, non remittance of the sale proceeds of 2607 permanent ration cards has been noticed. The stock register is not seen maintained in the prescribed manner. In reply to the Audit Enquiry to clarify the stock position of the permanent ration cards, the Taluk Supply Officer has given the following statement.

| | |
|---|---|
| Balance Keltron printed cards as per the Stock Register | 384 |
| Backlog cards printed by C Dit as per Register up to 3/2010 | 7131 |
| Total cards up to 3/2010 | 7515 |
| No.of cards for which amount remitted up to 06/4/2010 | 3938 |
| No. of cards for which amount remitted after 06/4/2010 | 586 |
| Total number of cards for which remittance made | 4524 |
| Balance cards for which amount to be remitted | 2991 |
| Balance cards (Keltron) physically available | 384 |
| **Missing cards** | 2607 |

Along with the reply to the Audit Enquiry copy of chalan no.1791 dated 20/12/2011 for Rs.39105.00 (Rupees thirty nine thousand on hundred and five only) remitted towards the cost of 2607 ration cards stated as missing cards in the statement of the Taluk Supply Officer, has been enclosed.

In the further clarification of the missing of 2607 ration cards, the section clerk dealing with the distribution of ration cards has produced a notice issued by the Taluk Supply Officer on 30/3/2010 to the Rationing Inspectors. The notice is seen attached with a list of ARDs who had not remitted the sale proceeds of ration cards which were distributed through them. The Rationing Inspectors were directed to take action to realize the amount and to obtain the list of distributed cards. They were also warned that they would be responsible for any dereliction in the matter. Copies of the notice and the list of ARDs are enclosed for favour of perusal.

The respective file CS5 – 298/10 of the Taluk Supply Office has been verified and in which the notes in respect of the said notice is seen kept unapproved. The office copy of the notice is also missing in the correspondence file.

In this context the following points are brought to the notice.

a) Strict instructions and guidelines were issued to the effect that at any point of time the ration dealers should not be allowed to participate in the distribution of ration cards. In the instant case, ration cards were distributed through ARDs. Ration cards in bulk have been handed over to the ration dealers for distribution. There is violation of standing instructions.

Preetha

**b)** Years have been elapsed since the handing over of ration cards in bulk to the ARDs. The distribution of the said cards to the genuine card holders has not got ascertained till date by any of the officers.

**c)** Non remittance of sale proceeds by the ARDs resulted in the temporary misappropriation of money due to Government.

In view of the above points a detailed enquiry may be ordered and appropriate action taken in this regard.

10/1/12
**Junior Superintendent**
**Local Audit Party 1**

**Encl: as above**

അനുബന്ധം - B

നമ്പർ ഡി.സി.(എൻ.സെഡ്.)1 /783/2012

ഉത്തര മേഖലാ റേഷനിംഗ് ഡെപ്യൂട്ടി
കൺട്രോളറുടെ കാര്യാലയം,
കോഴിക്കോട് –673020, തിയതി– 30/05/12

റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളർ
കോഴിക്കോട്.

സിവിൽ സപ്ലൈസ് ഡയറക്ടർ,
സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം.

OFFICE OF THE COMMISSIONER OF CIVIL SUPPLIES
18 JUN 2012
THIRUVANANTHAPURAM-33

സർ,

വിഷയം – പൊതു വിതരണം – റേഷൻ കാർഡ് വിതരണം – കാഞ്ഞങ്ങാട് താലൂക്ക് സപ്ലൈ ഓഫീസിൽ അനധികൃതമായി റേഷൻ കാർഡുകൾ വിതരണം ചെയ്തെന്ന ലോക്കൽ ഓഡിറ്റ് പരിശോധനാ റിപ്പോർട്ട് – അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന – സിവിൽ സപ്ലൈസ് ഡയറക്ടറുടെ നം. (സി.എസ്) എ.6–.1706/12 നമ്പർ 28/03/12– ലെ കത്ത്.

------

മേൽ സൂചനയിലേക്ക് ദയവായി ശ്രദ്ധ ക്ഷണിക്കുന്നു. കാഞ്ഞങ്ങാട് താലൂക്ക് സപ്ലൈ ഓഫീസിൽ 2607 റേഷൻ കാർഡുകൾ റേഷൻകടകൾവഴി അനധികൃതമായി വിതരണം നടത്തിയെന്ന ലോക്കൽ ഓഡിറ്റ് പാർട്ടി റിപ്പോർട്ടിൻമേൽ നേരിട്ട് അന്വേഷണം നടത്തി. വിതരണം നടത്തിയതായി കണ്ടെത്തിയ എല്ലാ റേഷൻകടകളിലെയും കാർഡ് രജിസ്റ്റർ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ചതിലെ കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

2009 – ൽ പ്രാബല്യത്തിൽ വന്നു പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണവേളയിൽ സി.ഡി റ്റിൽ നിന്നും തയ്യാറാക്കി വന്ന കാർഡുകളിൽ വിതരണത്തിന് അനുയോജ്യമല്ലാത്ത വിധത്തിൽ ധാരാളം അപാകതകൾ നിറഞ്ഞ കാർഡുകൾ ഉണ്ടായിരുന്ന പല കാർഡുകളിലെയും പേരുകളും ഫോട്ടോകളും തന്നെ വ്യത്യസ്തമായിരുന്നു. വിതരണയോഗ്യമായ കാർഡുകൾ മാത്രം ഉദ്യോഗസ്ഥൻമാർ നേരിട്ട് വിതരണം ചെയ്യുകയും ബാക്കിയുളളവ സി ഡിറ്റിന് തിരിച്ചയക്കുകയുമാണുണ്ടായത്. ഇങ്ങനെ തിരിച്ചയച്ച കാർഡുകളിൽ ഉൾപ്പെട്ടതാണ് ഓഡിറ്റിൽ സൂചിപ്പിച്ച കാർഡുകൾ എന്ന് മനസ്സിലാവുന്നു. പിന്നീട് അപാകതയുള്ള റേഷൻ കാർഡുകൾ തിരുത്തലുകൾ വരുത്തി സി ഡിറ്റ് തിരിച്ചേൽപ്പിക്കുമ്പോൾ പ്രസ്തുത കാർഡുകൾ റേഷനിംഗ് ഇൻസ്പെക്ടർമാർ വഴി റേഷൻ കാർഡുടമകൾക്ക് റേഷൻ കടകളിൽ വിതരണത്തിനെത്തിക്കുകയും റേഷൻകാർഡുകളുടെ വില ഈടാക്കി റേഷനിംഗ് ഇൻസ്പെക്ടർമാർ വഴിതന്നെ ട്രഷറിയിൽ അടയ്ക്കുകയും ചെയ്തു. പ്രസ്തുത റേഷൻ കാർഡുകളെല്ലാം സർക്കുലേഷനിലുളളതാണെന്നും അനധികൃതമായി റേഷൻ കട ലൈസൻസികൾ കൈവശം ചെയ്തു പോരുന്നതല്ലെന്നും എല്ലാ കാർഡുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മനസ്സിലായി.

റേഷൻ കാർഡുകൾ റേഷൻ കടകൾവഴി വിതരണം ചെയ്യാൻ പാടില്ലാത്തതും അത്തരം പ്രവർത്തികൾ നിലവിലുളള വ്യവസ്ഥകളുടെ ലംഘനവുമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. റേഷൻ കാർഡുകൾ വിതരണം നടത്തിയത് അനുവദനീയമായ രീതിയിലല്ലെന്നും ശരിയായ കീഴ് വഴക്കമല്ലെന്നുളള നിലപാട് ഈ കേസിലും സ്വീകരിക്കുന്നു. എന്നിരുന്നാലും റേഷൻ കാർഡുകൾ അർഹരുടെ കൈകളിൽ എത്തിച്ചേർന്നു എന്നതുകൊണ്ടും പ്രസ്തുത റേഷൻ കടകൾ വഴി റേഷൻ ഉൽപ്പന്നങ്ങൾ തിരിമറി നടന്നതായി കണ്ടെത്തിയിട്ടില്ലാത്തതുകൊണ്ടും നിലവിലുണ്ടായിരുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികളെടുക്കുന്നത് ഒഴിവാക്കാവുന്നതാണെന്നും ഈ പ്രാവശ്യം കർശന താക്കീത് നൽകി തുടർ നടപടികൾ അവസാനിപ്പിക്കാവുന്നതാണ്.

റേഷൻ കാർഡുകളുടെ വിൽപ്പന വില സർക്കാരിലേക്കടയ്ക്കാൻ വൈകിയത് സർക്കാർ പണത്തിന്റെ താൽക്കാലിക ദുരുപയോഗമാകയാൽ 1960– ലെ സി.സി.എസ് ആന്റ് (സി.സി.എ) റൂൾ പ്രകാരം ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

റേഷനിംഗ് ഡെപ്യൂട്ടി കൺട്രോളർ,
കോഴിക്കോട്.